പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 58** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>മുതിർന്ന പൗരന്മാർക്കായി പ്രത്യേക സേവനങ്ങളും പദ്ധതികളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സേനാപതി വേണു

ശ്രീ. വി. ടി. സൂരജ്

ശ്രീ. റോണി. കെ. ബേബി

ശ്രീ. എം. എം. നസീർ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് മുതിർന്ന പൗരന്മാർക്കായി പ്രത്യേക വകുപ്പ് രൂപീകരിച്ച സാഹചര്യത്തിൽ, എന്തൊക്കെ പ്രത്യേക സേവനങ്ങളും പദ്ധതികളുമാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കേരളത്തിലെ വയോജനങ്ങളുടെ ക്ഷേമം, സംരക്ഷണം, സാമൂഹിക സുരക്ഷ, ആരോഗ്യ പരിപാലനം, പുനരധിവാസം തുടങ്ങിയ മേഖലകളിൽ കൂടുതൽ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കുന്നതിനായി വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

**(ബി)** പ്രത്യേക പരിചരണം ആവശ്യമുള്ളവരും ഒറ്റയ്ക്ക് കഴിയുന്നവരുമായ മുതിർന്നവരെ ഉൾപ്പെടുത്തി എൽഡർ വൾനറബിലിറ്റി രജിസ്റ്റർ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹകരണത്തോടെ തയ്യാറാക്കുന്ന സംയോജിത പോർട്ടൽ മുഖേന 'എൻഡർ വൾനറബിലിറ്റി രജിസ്ട്രി' തയ്യാറാക്കി വയോജനങ്ങളുടെ ദുർബലത കണ്ടെത്തുന്നതിനും സ്കോർ നൽകുന്നതിനും സാധിക്കുന്നതാണ്. വയോജന ദുർബലതാ രജിസ്റ്റർ പോർട്ടലിന്റെ ഔദ്യോഗിക പ്രവർത്തനങ്ങൾ ആരംഭിച്ചു.

**(സി)** മുതിർന്ന പൗരന്മാർക്ക് ആരോഗ്യസേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

<u>മറുപടി:</u> പ്രധാനമായും താഴെ പറയുന്ന മൂന്ന് പദ്ധതികളിലൂടെ ആരോഗ്യസേവനങ്ങൾ ലഭ്യമാക്കും:

- **Age-Friendly Health Infrastructure Standards:** പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ വയോജന സൗഹൃദ അന്തരീക്ഷവും പ്രത്യേക ആരോഗ്യ സേവനങ്ങളും ഉറപ്പാക്കുന്നു.
- **ഡിമെൻഷ്യ സൗഹൃദ കേരളം:** രോഗനിർണ്ണയം, സമയബന്ധിതമായ ചികിത്സ, പരിചരണം നൽകുന്നവർക്കുള്ള പിന്തുണ, ബോധവൽക്കരണം എന്നിവ ഉറപ്പാക്കുന്നു.
- **വയോജന അയൽപക്ക സഹായ ശൃംഖല:** വാർഡ് തല സമിതികൾ മുഖേന വയോജനങ്ങൾക്ക് വീട്ടുസന്ദർശനം, മരുന്നുകൾ, അടിയന്തര സഹായങ്ങൾ എന്നിവ ഉറപ്പാക്കുന്നു.

**(ഡി)** സിൽവർ എക്കണോമിയുടെ ഭാഗമായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>മറുപടി:</u> സിൽവർ ഇക്കണോമിയുമായി ബന്ധപ്പെട്ട് നയപരിപാടികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി വിദഗ്ധരെ ഉൾപ്പെടുത്തി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 17/09/2026 ൽ ഒരു റൗണ്ട് ടേബിൾ കോൺഫറൻസ് നടത്തിയിട്ടുണ്ട്. കോൺഫറൻസിൽ ഉയർന്ന് വന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് സിൽവർ എക്കണോമിയുമായി ബന്ധപ്പെട്ട നയപരിപാടികൾക്ക് രൂപം നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

കേരളത്തിലെ വയോജനങ്ങളുടെ ക്ഷേമം, സംരക്ഷണം, സാമൂഹിക സുരക്ഷ, ആരോഗ്യ പരിപാലനം, പുനരധിവാസം തുടങ്ങിയ മേഖലകളിൽ കൂടുതൽ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കുന്നതിനായി വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം.

1. വയോജനക്ഷേമവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും സംസ്ഥാനതലത്തിൽ നയപരമായും ഭരണപരമായും ഏകോപനം ഉറപ്പാക്കുന്നതിനായി സംസ്ഥാനതല ഡയറക്ടറേറ്റും, പദ്ധതികളുടെയും സേവനങ്ങളുടെയും ജില്ലാതല നിർവഹണം, ഏകോപനം, നിരീക്ഷണം എന്നിവയ്ക്കായി ജില്ലാതല വയോജനക്ഷേമ ഓഫീസുകളും രൂപീകരിച്ചു.

2.വയോജനക്ഷേമ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി സംസ്ഥാന ഗവേണിംഗ് കൗൺസിലിന്റെ രൂപീകരണം:

സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമം, സുരക്ഷ, ആരോഗ്യ പരിരക്ഷ, സാമൂഹിക പങ്കാളിത്തം, സാമ്പത്തിക സുരക്ഷ, മാനസിക ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനും വയോജനക്ഷേമവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഏജൻസികൾ, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും ഫലപ്രദമായ ഏകോപനവും നിരീക്ഷണവും ഉറപ്പാക്കുന്നതിനായി മുഖ്യമന്ത്രി ചെയർമാനായുള്ള ഗവേണിംഗ് കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

3.വയോജനക്ഷേമ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന സാങ്കേതിക ഉപദേശക സമിതി രൂപീകരണം:

വയോജനക്ഷേമ നയങ്ങൾക്കും പദ്ധതികൾക്കും ശാസ്ത്രീയവും തെളിവ് അധിഷ്ഠിതവുമായ സാങ്കേതിക മാർഗ്ഗനിർദ്ദേശം നൽകുകയാണ് ഈ സമിതിയുടെ പ്രധാന ലക്ഷ്യം. ജെറിയാട്രിക് കെയർ, പൊതുജനാരോഗ്യം, ജെൻഡർ, സാങ്കേതികവിദ്യ, മാനസികാരോഗ്യം, ഡിജിറ്റൽ ഇടപെടലുകൾ എന്നിവയെ സംയോജിപ്പിച്ച് സമഗ്രമായ പ്രവർത്തനരീതി വികസിപ്പിക്കാനും സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനും സമിതി പ്രവർത്തിക്കും. സെക്രട്ടറി അധ്യക്ഷനായും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മെമ്പർ സെക്രട്ടറിയായും പ്രവർത്തിക്കുന്നതാണ് ഈ ഉപദേശക സമിതി.

4.വയോജനക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഗവേഷണ-സാങ്കേതിക പിന്തുണ ഉറപ്പാക്കൽ:

സാമൂഹ്യപ്രവർത്തന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, സാങ്കേതിക ഏജൻസികൾ എന്നിവയുമായി ധാരണാപത്രം ഒപ്പുവെച്ച് ഗവേഷണ-സാങ്കേതിക സഹകരണം ഉറപ്പാക്കുന്നു. ഇതുവഴി പഠനങ്ങൾ, സർവേകൾ, പദ്ധതികളുടെ നിരീക്ഷണവും മൂല്യനിർണ്ണയവും, പരിശീലനം, ഡിജിറ്റൽ സേവന വികസനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും.

5. ജില്ലാ വയോജന സെല്ലുകൾ (14 ജില്ലാ കളക്ടറേറ്റുകളിലും):

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട വയോജനങ്ങളുടെ പരാതികളും പ്രശ്നങ്ങളും ഒരു കേന്ദ്ര സംവിധാനത്തിലൂടെ സ്വീകരിച്ച് ഏകോപിപ്പിച്ച് പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ "ഏജിങ് സെൽ" രൂപീകരിക്കുന്നു. ജില്ലാ വയോജന സെല്ലുകൾ അതത് ജില്ലാ കളക്ടറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കും.

6.വയോജനങ്ങളുടെ അടിസ്ഥാന സ്ഥിതിവിവര സർവേ ആരംഭിക്കും:

സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ജീവിതനിലവാരം, ആരോഗ്യം, സാമൂഹികവും സാമ്പത്തികവുമായ സാഹചര്യം, സുരക്ഷ, സേവനലഭ്യത എന്നിവ വിലയിരുത്തുന്നതിനായി ബേസ് ലൈൻ സർവേ നടത്തുന്നു. 14 ജില്ലകളിലും 60 വയസ്സിന് മുകളിലുള്ള ഏകദേശം 3,000 പേരെ ഉൾപ്പെടുത്തി Centre for Management Development (CMD) മുഖേന സർവേ നടത്തും.

7.ഡിജിറ്റൽ പോർട്ടലും ഏകീകൃത രജിസ്ട്രികളും:

വയോജന ദുർബലതാ രജിസ്ട്രി (Elder Vulnerability Register), കേരള പരിചരണ പ്രവർത്തക രജിസ്ട്രി (Kerala Care Workforce Registry), ഉൽപാദനക്ഷമതയുള്ള വാർദ്ധക്യ രജിസ്ട്രി (Productive Ageing Registry), ഏകീകൃത സേവന ഡയറക്ടറി എന്നിവ ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹകരണത്തോടെ നടപ്പിലാക്കും.

8. വയോജന സൗകര്യ ഡെസ്ക് (Elder Facilitation Desk):

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വയോജനങ്ങൾക്കു വേഗത്തിലും സൗകര്യപ്രദമായും സേവനങ്ങൾ ലഭിക്കുന്നതിനായി ഏകജാലക സഹായ സംവിധാനം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നു.

9. വയോജന സൗഹൃദ ഓഫീസ് സർട്ടിഫിക്കേഷൻ (Elder Friendly Office Certification):

സർക്കാർ ഓഫീസുകൾ വയോജന സൗഹൃദമാക്കുന്നതിന് വയോജന സൗഹൃദ ഓഫീസ് സർട്ടിഫിക്കേഷൻ സർട്ടിഫിക്കേഷൻ നൽകുന്ന സംവിധാനം ഏർപ്പെടുത്തും.

10.ഡിമെൻഷ്യ സൗഹൃദ കേരളം (Dimentia Friendly Kerala Initiative): ഡിമെൻഷ്യ ബാധിതരെ നേരത്തെ കണ്ടെത്തുന്നതിനും സമയബന്ധിതമായ ചികിത്സയും പരിചരണവും ഉറപ്പാക്കുന്നതിനുമായി പ്രത്യേക പദ്ധതി രൂപീകരിക്കും.

11. വയോജന സൗഹൃദ ആരോഗ്യ അടിസ്ഥാന സൗകര്യ മാനദണ്ഡങ്ങൾ ((Age-Friendly Health Infrastructure Standards):

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിൽ പ്രത്യേക സേവന മാനദണ്ഡങ്ങൾ നിശ്ചയിക്കും.

12. വയോജന അയൽപക്ക സഹായ ശൃംഖലകൾ (Elder Neighborhood Support Networks):

കുടുംബശ്രീ മാതൃകയിൽ വാർഡ് തലത്തിൽ വയോജന സംരക്ഷണ സമിതി രൂപീകരിക്കും.

13. തലമുറകൾ തമ്മിലുള്ള പങ്കാളിത്ത പദ്ധതികൾ:

യുവജനങ്ങളെയും വയോജനങ്ങളെയും ഒരുമിപ്പിക്കുന്നതിനായി 'Generations Together Youth & Intergenerational Programme', 'Honor a Home Programme', 'Time Bank Programme' എന്നിവ നടപ്പിലാക്കും.

14. 24x7 സീനിയർ സിറ്റിസൺ ഹെൽപ്പ്ലൈൻ:

എൽഡർ ലൈൻ (14567), വയോമിത്രം, സായംപ്രഭ തുടങ്ങിയ പദ്ധതികളെ സംയോജിപ്പിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈൻ ഒരുക്കും.